ഉത്തരം

(എ) പ്രസ്തുത അങ്കണവാടികളുടെ നിർമ്മാണത്തിന് 26-8-2014 തീയതിയിലെ ഉത്തരവ് സ.ഉ (സാധാ) നമ്പർ 2233/14/ത.സ്വ.ഭ.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി &സി) പ്രസ്തുത അങ്കണവാടി കെട്ടിട നിർമ്മാണ പ്രവൃത്തികൾ LSGD-യെ ആണ് ഏൽപ്പിച്ചിരിക്കുന്നത് അങ്കണവാടികളുടെ നിർമ്മാണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട് എന്നും പൊതുമരാമത്ത് നിരക്കിൽ വ്യതിയാനം വന്നതിനാൽ പുതുക്കി നിശ്ചയിച്ചിരിക്കുകയാണ് എന്നും ആയതിന് സാങ്കേതിക അനുമതി ലഭിക്കുന്നതിനായി ജില്ലാ പഞ്ചായത്തിൽ സമർപ്പിക്കേണ്ടതുണ്ടെന്നും ഒരു മാസത്തിനുള്ളിൽ ടെണ്ടർ നടപടികൾ കൈക്കൊള്ളുമെന്നും മാലൂർ പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

എൻഡോസൾഫാൻ ദുരിത മേഖലയിലെ പദ്ധതി പ്രവർത്തനങ്ങൾ

277 (4323) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻഡോസൾഫാൻ ദുരിതബാധിത മേഖലയിൽ സാമൂഹ്യക്ഷേമ വകുപ്പുമുഖേന എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വിശദമാക്കാമോ ;

(ബി) 2014-15 സാമ്പത്തിക വർഷം എൻഡോസൾഫാൻ ദുരിത മേഖലയിലെ പദ്ധതി പ്രവർത്തനങ്ങൾക്ക് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും അവയിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും പദ്ധതികൾ അടിസ്ഥാനത്തിൽ വിശദമാക്കാമോ ?

ഉത്തരം

(എ)

1. ആരോഗ്യവകുപ്പ് നടത്തിയ സർവ്വേയുടേയും മെഡിക്കൽ ക്യാമ്പിന്റേയും അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലാ കളക്ടർ അംഗീകരിച്ച് നൽകുന്ന ദുരിതബാധിതരുടെ ലിസ്റ്റ്പ്രകാരം ദീർഘകാല ചികിത്സ ആവശ്യമുള്ളതും രോഗാവസ്ഥയിലുള്ളവരും തൊഴിലെടുക്കാനാകാതെ വീട്ടിനുള്ളിൽ കഴിയുന്നവരുമായവരിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് വികലാംഗ പെൻഷൻ ലഭിക്കുന്നവർക്ക് 1700 രൂപയും വികലാംഗ പെൻഷൻ ലഭിക്കാത്തവർക്ക് 2200 രൂപയും എൻഡോസൾഫാൻ ദുരിതബാധിതരായ മറ്റുള്ളവർക്ക് 1200 രൂപ വീതവും പ്രതിമാസ ധനസഹായം സ്നേഹസാന്ത്വനം പദ്ധതി പ്രകാരം അനുവദിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

2. എൻഡോസൾഫാൻ ദുരിതബാധിത കുടുംബങ്ങളിലെ ബഡ്സ് സ്കൂളിൽ പഠിക്കുന്നവർക്കും ഒന്ന് മുതൽ ഏഴാം ക്ലാസ്സുവരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്നവർക്കും 2000 രൂപ വീതവും 8 മുതൽ 10 വരെയുള്ള ക്ലാസ്സുവരെയുള്ളവർക്ക് 3000 രൂപ വീതവും 11,12 ക്ലാസ്സുകളിലുള്ളവർക്ക് 4000 രൂപ വീതവും ഒറ്റത്തവണ ധനസഹായം നൽകുന്ന പദ്ധതിയും കേരള സാമൂഹ്യസുരക്ഷാമിഷൻ മുഖേന നടപ്പിലാക്കിവരുന്നു.

3. എൻഡോസൾഫാൻ ദുരിതബാധിതരുടെ ഗണത്തിൽ പൂർണ്ണമായും കിടപ്പിലായവരോ ബുദ്ധിമാന്ദ്യം സംഭവിച്ചിട്ടുള്ളവരോ ആയവരെ (പരസഹായം കൂടാതെ ജീവിക്കാൻ പറ്റാത്തവർ) പരിചരിക്കുന്ന ഒരാൾക്ക് സാമൂഹ്യസുരക്ഷാമിഷന്റെ സ്പെഷ്യൽ ആശ്വാസകിരണം പദ്ധതിയിൽ ഉൾപ്പെടുത്തി പ്രതിമാസം 700 രൂപാ നിരക്കിൽ ധനസഹായം അനുവദിക്കുന്നു.

(ബി) 2014-15 സാമ്പത്തിക വർഷം എൻഡോസൾഫാൻ ദുരിതബാധിതർക്ക് വേണ്ടി നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾക്കായി 9 കോടി രൂപ ബഡ്ജറ്റിൽ ഉൾപ്പെടുത്തി കേരള സാമൂഹ്യസുരക്ഷാമിഷന് അനുവദിച്ചുനൽകുകയുണ്ടായി. ഇതുചെലവഴിച്ചതിന്റെ വിശദാംശം പദ്ധതിയടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു. അധിക തുക കോർപ്പസ് ഫണ്ടിൽ നിന്നുമാണ് ചിലവഴിച്ചിട്ടുള്ളത്:

ക്രമ നമ്പർ	പദ്ധതി വിശദാംശം	ചെലവഴിച്ച തുക
1	സ്നേഹസാന്ത്വനം പദ്ധതി	9,22,10,920
2	ദുരിതബാധിത കുടുംബങ്ങളിലെ കുട്ടികൾക്കുള്ള ഒറ്റത്തവണ വിദ്യാഭ്യാസ ധനസഹായ പദ്ധതി	68,52,300
3	സ്പെഷ്യൽ ആശ്വാസകിരണം പദ്ധതി	77,92,712
4	എൻഡോസൾഫാൻ ദുരിതബാധിത പഞ്ചായത്തുകൾക്ക് ആംബുലൻസ് വാങ്ങുന്നതിനായി കാസർഗോഡ് ജില്ലാ കളക്ടർക്ക് അനുവദിച്ച തുക	71,73,012
5	മറ്റ് ചെലവുകൾ	12,766
	ആകെ	11,40,41,710

LIBRARY ARCHIVES Kerala Legislative Assembly